നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് - പാവപ്പെട്ട രോഗികൾക്ക് സൗജന്യ വിദഗ്ധ ചികിത്സാ സൗകര്യം

168 (4159) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. ബി. അബ്ദുൽ റസാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ജീവകാരുണ്യപരമായ വിനിയോഗം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗുരുതരരോഗബാധിതരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ വിദഗ്ധ ചികിത്സാ സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) നിലവിലെ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് സ്ഥല സൗകര്യം ലഭ്യമാവുമെങ്കിൽ സർവ്വസജ്ജമായ കാരുണ്യ വാർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ സൗജന്യ വിദഗ്ധ ചികിത്സാ സൗകര്യം ഒരുക്കിക്കൊടുക്കുന്ന പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. ഹീമോഫീലിയ രോഗികൾക്ക് ധനസഹായ പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 5-11-2014-ൽ ബഹു. ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly